# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4086** **27-10-2021 - ൽ മറുപടിയ്ക്ക്**

## തെക്കേക്കര പഞ്ചായത്തിലെ വാലിൽ കോളനിയിലേയ്ക്കുള്ള റോഡ് നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേയ്ക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്നതിനായി 195.10 ച.മീ. സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 07/11/2019-ലെ സ.ഉ (സാധാ) നം.2493/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇതേത്തുടർന്ന് 18.06.2020-ലെ സ.ഉ(സാധാ) നം. 2219/2020/ആർഡി നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ തെക്കേക്കര വില്ലേജിലെ വാലിൽ കോളനിയിലെ നടപ്പാത വികസനത്തിനായി 1.95 ആർ സ്ഥലം ഏറ്റെടുത്തുകൊണ്ട് റവന്യൂ വകുപ്പിൽ നിന്നും ഉത്തരവായിട്ടുണ്ട്. മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വഴി വികസനത്തിനായി ഭൂമി വാങ്ങുന്നതിന് 30 ലക്ഷം രൂപ വകയിരുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അക്വിസിഷൻ നടപടികളുടെ ഭാഗമായി ടി പ്രദേശത്തെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് സെന്റ് തോമസ് കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, കൊഴുവല്ലൂർ, ചെങ്ങന്നൂർ എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുമോ? | (ബി) | തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്നതിനായി 195.10 ച.മീ. സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് 07/11/2019-ലെ സ.ഉ (സാധാ) നം.2493/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇതേത്തുടർന്ന് 18.06.2020-ലെ സ.ഉ(സാധാ) നം. 2219/2020/ആർഡി നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ തെക്കേക്കര വില്ലേജിലെ |

| | | | |
|---|---|---|---|
| | | | വാലിൽ കോളനിയിലെ നടപ്പാത വികസനത്തിനായി 1.95 ആർ സ്ഥലം ഏറ്റെടുത്തുകൊണ്ട് റവന്യൂ വകുപ്പിൽ നിന്നും ഉത്തരവായിട്ടുണ്ട്. മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വഴി വികസനത്തിനായി ഭൂമി വാങ്ങുന്നതിന് 30 ലക്ഷം രൂപ വകയിരുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അക്വിസിഷൻ നടപടികളുടെ ഭാഗമായി ടി പ്രദേശത്തെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് സെന്റ് തോമസ് കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, കൊഴുവല്ലൂർ, ചെങ്ങന്നൂർ എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ